5. ഫീൽഡ് സന്ദർശന പരിപാടികളുടെ പദ്ധതിപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.

6. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ, വനിതകൾ, വികലാംഗർ എന്നീ ലക്ഷ്യ വിഭാഗങ്ങൾക്കായി നീക്കിവച്ചിട്ടുള്ള ആനുകൂല്യങ്ങൾ ഈ വിഭാഗക്കാർക്ക് എത്തുന്നു എന്ന് ഉറപ്പുവരുത്തുക.

7. കേന്ദ്ര സർക്കാർ പ്രോജക്ട് അടിസ്ഥാനത്തിൽ പണം അനുവദിക്കുന്ന പദ്ധതികൾക്ക് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.

8. ലഭിക്കുന്ന പണത്തിന്റെ കൃത്യമായ കണക്കുകൾ ഡി.ആർ. ഡി.എ. തലത്തിലും ത്രിതലപഞ്ചായത്തുകളിലും സൂക്ഷിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.

9. വിവിധ ഗ്രാമവികസന പരിപാടികൾ സംബന്ധിച്ച് ഉദ്യോഗസ്ഥൻമാർക്കും ജനപ്രതിനിധികൾക്കും, ഗുണഭോക്താക്കൾക്കും പരിശീലനം നൽകുക.

10. പദ്ധതികൾ നടപ്പിലാക്കുന്നതിന് സാങ്കേതിക സഹായം നൽകുക.

(ബി) പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന ഒഴികെ ഡി.ആർ.ഡി.എ.-കൾ പദ്ധതികൾ നേരിട്ട് നിർവ്വഹണം നടത്തുന്നില്ല. ത്രിതല പഞ്ചായത്തുകൾ മുഖേനയാണ് പദ്ധതികളുടെ നിർവ്വഹണം നടത്തുന്നത്. ഡി.ആർ.ഡി.എ.-യുടെ പ്രവർത്തനങ്ങൾ ഏതെങ്കിലും തലത്തിലുള്ള പഞ്ചായത്തിന് നിർവ്വഹിക്കാൻ കഴിയുന്നവയല്ല.

(സി) 'എ' പിരിവ് ചോദ്യത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് ഡി.ആർ.ഡി.എ. സംവിധാനം ആവശ്യമാണ്.

മത്സ്യബന്ധന ഗ്രാമങ്ങളിലെ കുടിവെള്ള വിതരണ സംവിധാനം

22 (T*557) ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം മത്സ്യബന്ധന ഗ്രാമങ്ങളിൽ ശുദ്ധജലവിതരണ സംവിധാനം നിലവിലുണ്ട് ;

(ബി) ഇവയിൽ എല്ലായിടത്തും ആവശ്യമായത്ര വെള്ളം ലഭ്യമാകുന്നുണ്ടോ ;

(സി) ഈ വർഷം പുതുതായി എത്ര മത്സ്യബന്ധന ഗ്രാമങ്ങളിൽ കുടിവെള്ള വിതരണ സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട് ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ്, അഞ്ചുതെങ്ങ്, കഠിനംകുളം, ആഴൂർ, വെട്ടൂർ, ഇടവ, ചിലകൂർ, പൂവാർ, കരിങ്കുളം, അടിമലത്തുറ, വിഴിഞ്ഞം, കൊല്ലം ജില്ലയിലെ നീണ്ടകര, ആലപ്പാട്, ക്ലാപ്പന, സ്രായിക്കാട്, ആയിരംതെങ്ങ് കോട്ടയം ജില്ലയിലെ തീരദേശപ്രദേശമായ കുമരകം ഫിഷർമെൻ കോളനി ആലപ്പുഴയിലും ശുദ്ധജലവിതരണ സംവിധാനമുണ്ട്. എറണാകുളം ജില്ലയിലെയും തൃശ്ശൂർ ജില്ലയിലെയും എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ശുദ്ധജലവിതരണ സംവിധാനം നിലവിലുണ്ട്. മലബാർ മേഖലയിൽപ്പെടുന്ന തലശ്ശേരിയിലും അഴീക്കോട് പഞ്ചായത്തിലെ മീൻകുന്ന് ഫിഷർമെൻ കോളനി, മാടായി പഞ്ചായത്തിലെ മാടായി ഫിഷർമെൻ കോളനി, മാടൂൽ പഞ്ചായത്തിലെ മാടൂൽ ഫിഷർമെൻ കോളനി, മലപ്പുറം ജില്ലയിൽപ്പെടുന്ന പരപ്പനങ്ങാടി, നെടുവ, അരിയല്ലൂർ, വള്ളിക്കുന്ന് എന്നീ മത്സ്യബന്ധന വില്ലേജുകളിലും ഉള്ളയാൽ, തവൻ കടപ്പുറം, പെരുമ്പടപ്പ്, വെളിയംകോട് എന്നീ തീരദേശ ഗ്രാമങ്ങളിലും ശുദ്ധജല വിതരണ സംവിധാനം നിലവിലുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം ജില്ലകളിലെ തീരദേശങ്ങളിൽ ആവശ്യമായത്ര ജലം വിതരണത്തിനായി ലഭ്യമല്ല. തൃശ്ശൂർ ജില്ലയിലുള്ള കടപ്പുറം പഞ്ചായത്തിൽപ്പെട്ട മത്സ്യബന്ധന ഗ്രാമങ്ങളിൽ ജലസ്രോതസ്സിന്റെ അപര്യാപ്തതമൂലം ആവശ്യമായ തോതിൽ ശുദ്ധജലവിതരണം നടത്തുവാൻ കഴിയുന്നില്ല. എന്നാൽ തൃശ്ശൂർ ജില്ലയിലെ മറ്റെല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ശുദ്ധജല വിതരണം ആവശ്യാനുസരണം നടത്തുന്നുണ്ട്. എറണാകുളം ജില്ലയിൽ പെടുന്ന ചില മത്സ്യബന്ധന ഗ്രാമങ്ങളിൽ ആവശ്യമായത്ര കുടിവെള്ളം ലഭ്യമല്ല. മലബാർ മേഖലയിലെ മലപ്പുറം ജില്ലയിൽപ്പെടുന്ന വള്ളിക്കുന്ന് മത്സ്യബന്ധന വില്ലേജ് ഒഴികെ മലബാർ മേഖലയിൽ എല്ലായിടത്തും ആവശ്യമായത്ര വെള്ളം ലഭ്യമാകുന്നുണ്ട്.

(സി) രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ആലപ്പാട്-ക്ലാപ്പന ശുദ്ധജലവിതരണ പദ്ധതി ഇക്കൊല്ലം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തൃശ്ശൂർ ജില്ലയിൽ കടപ്പുറം പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിതരണത്തിനായി ഒരു പദ്ധതി നടപ്പാക്കി വരുന്നുണ്ട്. ഇത് 5/05-ൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു. എറണാകുളം ജില്ലയിലെ തീരപ്രദേശങ്ങളിൽ വരുന്ന മത്സ്യബന്ധന ഗ്രാമങ്ങളിലെല്ലാം ശുദ്ധജലവിതരണം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. കൊച്ചി ശുദ്ധജലവിതരണ വിപുലീകരണ പദ്ധതി, ചൊവ്വര പദ്ധതി, തൃപ്പൂണിത്തുറ ജലവിതരണ പദ്ധതി എന്നിവയുടെ പൂർത്തീകരണത്തോടെ ഈ ജില്ലയുടെ പരിധിയിലുള്ള എല്ലാ മത്സ്യബന്ധന ഗ്രാമങ്ങളിലും ആവശ്യത്തിന് ശുദ്ധജല വിതരണം സാദ്ധ്യമാകും. ഇത് കൂടാതെ 'മഴവെള്ള ശേഖരണ' പദ്ധതികളും ഈ മേഖലയിൽ പ്രാവർത്തികമാക്കി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly